പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T.2358
23.01.2014- ലെ മറുപടിയ്ക്ക്

## പങ്കാളിത്ത പെൻഷൻ

ചോദ്യം
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം
ശ്രീ. കെ.എം. മാണി
(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ ഉത്തരവ് എന്നാണ് ഇറങ്ങിയതെന്നും ഇതനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തുവെന്നും വ്യക്തമാക്കുമോ? | 24.05.2010-ലെ സ.ഉ.(പി) നം. 298/10/ധന പ്രകാരം അഖിലേന്ത്യാ സർവ്വീസ് ജീവനക്കാർക്കും 07.01.2013-ലെ സ.ഉ.(പി) നം. 20/13/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും ദേശീയ പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ദേശീയ പെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടേയും തുകയുടെ 10% പെൻഷൻ വിഹിതമായി കുറവ് ചെയ്യുന്നതിനും തത്തുല്യ സർക്കാർ വിഹിതത്തോടൊപ്പം ടി തുക നിക്ഷേപിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. നിക്ഷേപം ആരംഭിയ്ക്കുന്നതിനുള്ള നടപടി തുടർന്ന് സ്വീകരിക്കുന്നതാണ്. |
| (ബി) | 2013 മാർച്ചിനു ശേഷം സർവ്വീസിൽ വന്നവരുടെ പെൻഷൻ പ്രായം എത്രയാണെന്ന് വ്യക്തമാക്കുമോ? | 2013 മാർച്ചിനു ശേഷം സർവ്വീസിൽ വന്നവരുടെ പെൻഷൻ പ്രായം 60 വയസ്സായി നിശ്ചയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | 2013 മാർച്ചിനു ശേഷം സർവ്വീസിൽ വന്നവർക്ക് പെൻഷനു വേണ്ടി എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ? | 2013 മാർച്ചിനു ശേഷം സർവ്വീസിൽ വന്നവർക്ക് ദേശീയ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ അനുവദിക്കുന്നതിനായി പെൻഷൻ ഫണ്ടിലേയ്ക്ക് തുക നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഈ കാലയളവിൽ സർവ്വീസിൽ വന്നവർക്ക് പി.എഫ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; ഈ ഇനത്തിൽ ജീവനക്കാരുടെ വിഹിതമായി എത്ര രൂപ അടച്ചുവെന്നും സർക്കാർ വിഹിതമായി എത്ര രൂപ അടച്ചുവെന്നും വ്യക്തമാക്കുമോ? | ഈ കാലയളവിൽ സർവ്വീസിൽ വന്നവർക്ക് പി.എഫ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്